## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത്
ചോദ്യം നം. 5089

22 .05.2017-ൽ
മറുപടിയ്ക്ക്

### ഭൂമിയുടെ അടിസ്ഥാന നികുതിയും കരം നിർണ്ണയിക്കാൻ അവകാശമുള്ള ഉദ്യോഗസ്ഥനും

**ചോദ്യം**
ശ്രീ.ടി.എ.അഹമ്മദ് കബീർ

**മറുപടി**
ശ്രീ. ഇ. ചന്ദ്രശേഖരൻ
റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി

(എ) ഭൂമിയുടെ അടിസ്ഥാന നികുതി ചുമത്തുന്നതിന് വ്യവസ്ഥ ചെയ്തു-കൊണ്ടുള്ള 1961 -ലെ കേരളാ ഭൂനികുതി ആക്റ്റ് നിലവിലുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ആക്റ്റിലെ പ്രസക്തമായ വ്യവസ്ഥകൾ വിശദീകരിക്കാമോ;

(എ) ഉണ്ട്. പ്രസ്തുത ആക്ടിലെ വകുപ്പ് 5 പ്രകാരം ഏത് വിവരണത്തിൽപ്പെട്ടതായാലും, ഏത് നടപ്പവകാശപ്രകാരം കൈവശം വയ്ക്കുന്നതായാലും, സംസ്ഥാനത്തെ എല്ലാ ഭൂമികൾ സംബന്ധിച്ചും അടിസ്ഥാന ഭൂനികുതി ചുമത്തി വസൂലാക്കുന്നതിനും, വകുപ്പ് 6 പ്രകാരം അടിസ്ഥാന ഭൂനികുതി നിരക്ക് നിശ്ചയിക്കുന്നതിനും, വകുപ്പ് 6 എ പ്രകാരം അടിസ്ഥാന ഭൂനികുതി നിർണ്ണയിക്കുന്നതിനും, വകുപ്പ് 7 പ്രകാരം സർവ്വേ ചെയ്തിട്ടില്ലാത്ത ഭൂമികളിൽ താൽക്കാലികമായി നികുതി ചുമത്തുന്നതിനും വ്യവസ്ഥയുണ്ട്.

(ബി) 1895- ലെ മലബാർ ലാൻഡ് രജിസ്ട്രേഷൻ ആക്റ്റ് നിലവിലുണ്ടോ; ഉണ്ടെങ്കിൽ ഈ ആക്റ്റ് പ്രകാരം ഒരു വസ്തുവിന്റെ ഉടമസ്ഥനാണെന്ന് അവകാശമുന്നയിക്കുന്ന ആൾക്ക് ഏത് ഉദ്യോഗസ്ഥനാണ് അവകാശം നിർണ്ണയിച്ച് കരം ഒടുക്കി നൽകുന്നത്;

(സി) ഇത്തരത്തിൽ കരം ഒടുക്കി നൽകുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തിക്കൊണ്ടുള്ള സർക്കാർ ഉത്തരവ് നിലവിലുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കാമോ; ഇല്ലെങ്കിൽ പ്രസ്തുത വിഷയത്തിനു മേൽ സ്പഷ്ടീകരണം നൽകാമോ?

(ബി) & (സി) ഇല്ല.
നികുതി പിരിച്ചെടുക്കുന്ന ആവശ്യത്തിലേയ്ക്കായി 1961-ലെ കേരള ഭൂനികുതി ആകട് നിലവിൽ വന്നതിനാലും, 2005-ലെ റദ്ദാക്കലും ഒഴിവാക്കലും ഓർഡിനൻസ് പ്രകാരം 1895-ലെ മലബാർ ലാൻഡ് രജിസ്ട്രേഷൻ ആക്ട് റദ്ദാക്കിയിട്ടുള്ളതിനാലും, മലബാർ ലാൻഡ് രജിസ്ട്രേഷൻ ആക്ട് പ്രകാരമുള്ള നടപടികൾ ഇനി സ്വീകരിക്കാൻ സാധ്യമല്ല. പ്രസ്തുത ആക്ട് പ്രകാരം നികുതി പിരിച്ചെടുക്കുന്ന ആവശ്യത്തിലേയ്ക്കായി 1961-ലെ ഭൂനികുതി ആക്ട് പ്രകാരവും, 1957-ലെ Land Conservancy Act പ്രകാരവും ഉള്ള നടപടികൾ സ്വീകരിക്കുവാൻ കഴിയും.

സെക്ഷൻ ഓഫീസർ

BG.